LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ മൂൺഷൈൻ പദ്ധതി

54(5639) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ മൂൺഷൈൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ജില്ലയിൽ സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15-6-2015 മുതൽ 15-7-2015 വരെയുള്ള കാലയളവിലാണ് പ്രത്യേക എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയ "ഓപ്പറേഷൻ മൂൺഷൈൻ" നടപ്പിലാക്കിയത്. ടി കാലയളവിലെ വയനാട് ഡിവിഷനിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. " ഓപ്പറേഷൻ മൂൺഷൈൻ" കാലയളവിൽ വയനാട് ഡിവിഷനിൽ 289 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ടി റെയ്ഡുകളിലായി 46 അബ്കാരി കേസുകളും 6 എൻ.ഡി.പി.എസ്. കേസുകളും 36 'COTPA' കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളിൽ 41 പ്രതികളെയും എൻ.ഡി.പി.എസ്. കേസുകളിൽ 7 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. വിവിധ കേസുകളിലായി 28 ലിറ്റർ ചാരായം, 23 ലിറ്റർ മാഹി മദ്യം, 133.5 ലിറ്റർ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം, 6.5 ലിറ്റർ ബിയർ, 219 ലിറ്റർ വാഷ്, 1.02 കി.ഗ്രാം കഞ്ചാവ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് ഉൾപ്പെടെയുള്ള വ്യാജങ്ങൾ കടത്തിക്കൊണ്ടുവന്ന് വ്യാജമദ്യ ഉൽപാദനവും വിപണനവും നടത്തുവാൻ സാധ്യതയുള്ളതിനാൽ ചെക്ക് പോസ്റ്റുകളിലൂടെയും അതിർത്തി റോഡുകളിലൂടെയും കടന്നു വരുന്ന വാഹനങ്ങൾ യാതൊരു പഴുതും ഇല്ലാത്തവിധം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. വയനാട് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രവർത്തിച്ചിട്ടുള്ളതും കൺട്രോൾ റൂം ടെലിഫോൺ നമ്പരുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി അച്ചടി-ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലുൾപ്പെടെ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. വയനാട് ഡിവിഷനിൽ രണ്ട് വീതം സ്ക്വാഡുകൾ ഫോഴ്സ് പാർട്ടികൾ പ്രവർത്തിച്ചിട്ടുള്ളതും ടി സ്ക്വാഡുകൾ പാർട്ടികൾ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം രാത്രികാലങ്ങളിൽ പട്രോളിംഗ് നടത്തി,

LIBRARY ARCHIVES Kerala Legislative Assembly

വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന നടത്തിയിരുന്നു. വയനാട് ഡിവിഷനിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ആഴ്ചയിൽ രണ്ട് ദിവസം ജില്ലാതല കോമ്പിംഗ് ഓപ്പറേഷനുകൾ സംഘടിപ്പിച്ചിട്ടുള്ളതാണ്.

പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെതിരെ കർശന നടപടി സ്വീകരിച്ചിട്ടുള്ളതും, എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി "ഷാഡോ എക്സൈസ്" ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സ്കൂൾ/കോളേജ് കാമ്പസുകളുടെ പരിസരത്ത് മദ്യ-മയക്കുമരുന്ന് വില്പന തടയുന്നതിനായി "ഓപ്പറേഷൻ യുവ" എന്ന പേരിൽ പ്രത്യേക പരിശോധന നടത്തിയിരുന്നു. കള്ളുഷാപ്പുകളിൽക്കൂടി കൃത്രിമ കള്ള് വിൽക്കുവാൻ സാധ്യതയുള്ളതിനാൽ കള്ളുഷാപ്പുകളിൽ നിരന്തര പരിശോധന നടത്തി, സംശയമുള്ള കള്ളുഷാപ്പുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി

55(5640) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രവർത്തനങ്ങൾക്കായി ഓഫീസ് പ്രവർത്തനം ആരംഭിച്ചതെപ്പോഴാണ് ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി തുക വകയിരുത്തിയത് ഏതു സാമ്പത്തിക വർഷമാണ് ; എത്ര തുക വകയിരുത്തി ;

(സി) തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി എത്ര തുക വീതം സംസ്ഥാന ബഡ്ജറ്റുകളിൽ വകയിരുത്തുകയുണ്ടായി എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 15-12-2004-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി തുക വകയിരുത്തിയത് 2004-05 സാമ്പത്തിക വർഷമാണ്. 50 ലക്ഷം രൂപയാണ് വകയിരുത്തിയത്.